# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1316 12.03.2015-ൽ മറുപടിക്ക്**

**<u>തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർനിർമ്മാണ നടപടികൾ</u>**

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) | തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റപ്പാലം പുനർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നു വിശദീകരിക്കാമോ; | (എ) & (ബി) തരൂർ മണ്ഡലത്തിലെ അത്തിപ്പൊറ്റ പാലം പുനർനിർമ്മിക്കുന്നതിന് സ.ഉ (സാധാ) നം. 1185 /2009/പൊമവ തീയതി 14.08.2009 പ്രകാരം 335 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്കായി 1.25 ലക്ഷം രൂപയുടെ ഭാഗിക സാങ്കേതികാനുമതി നൽകുകയും ചെയ്തിരുന്നു. റിവൈസ്ഡ് SOR 2010 പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റ് 2011 ൽ തയ്യാറാക്കിയെങ്കിലും ഭരണാനുമതി നൽകുകയുണ്ടായില്ല. ടി പാലം പുനർ നിർമ്മാണത്തിനു 800 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | എന്നാണ് പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത്, എത്ര രൂപയുടേതായിരുന്നു അനുമതി, ഇതിനു ശേഷം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് തുക പുതുക്കി, ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര തുകയാണ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; | |
| (സി) | പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെയാണ് ലഭ്യമായത് എന്ന് വ്യക്തമാക്കാമോ; | (സി) പാലം നിർമ്മാണത്തിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എന്നാണ് സർക്കാരിൽ ലഭിച്ചത്; ഇതിന് അനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) & (ഇ) & (എഫ്) പുതിയ എസ്റ്റിമേറ്റ് 06.03.2015 ൽ ആണ് സർക്കാരിൽ ലഭിച്ചിട്ടുള്ളത്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ടി എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| (ഇ) വർഷം തോറും എസ്റ്റിമേറ്റ് പുതുക്കുകയും എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | |
| (എഫ്) അപകടാവസ്ഥയിലായ പാലം പുനർനിർമ്മിക്കാൻ അടിയന്തിരമായി സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ